**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5983** **09-11-2021 - ൽ മറുപടിയ്ക്ക്**

**ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ചക്കാല വിഭാഗത്തിൽപ്പെട്ടവർക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളന്നൂർ, കുഴക്കോട് പ്രദേശങ്ങളിൽ താമസിച്ചുവരുന്ന ചക്കാല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒ.ബി.സി. ചക്കാല വിഭാഗത്തിൽ ഉൾപ്പെട്ടതായ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിർത്താഡ്സ് ഇക്കാര്യത്തിൽ അന്വേഷണം നടത്തി വരുന്നു . |
| (ബി) | കോഴിക്കോട് കിർത്താഡ്സ് മുഖേന ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിർത്താഡ്സ് ഇക്കാര്യത്തിൽ അന്വേഷണം നടത്തി വരുന്നു . |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച അന്വേഷണം നടത്തിയത് എന്നാണെന്നും ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പിന്നാക്ക വിഭാഗ കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് കാലതാമസം വരാനിടയാക്കിയ കാരണങ്ങളെന്തെന്നും വ്യക്തമാക്കാമോ; | (സി) | 18/03/2019 ലാണ് മേൽ പ്രസ്താവിച്ച അന്വേഷണത്തിന് ഉടക്കം കുറിച്ചത്. അന്വേഷണം പൂർത്തീകരിക്കാത്ത തിനാൽ റിപ്പോർട്ട് പിന്നാക്ക വിഭാഗ കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടില്ല. മേൽ പ്രസ്താവിച്ച ഒ.ബി.സി ചക്കാല സമുദായ സർട്ടിഫിക്കറ്റ് അവകാശപ്പെടുന്നവരുടെ സ്കൂൾ രേഖകളിൽ “നായർ” എന്നാണ് സമുദായം ചേർത്തിരിക്കുന്നത്. ആയതുകൊണ്ടു തന്നെ സാമൂഹിക സാംസ്കാരിക സവിശേഷതകളുടെ വിവരശേഖരണം നടത്തി വിശകലനം നടത്തിയാൽ മാത്രമെ ടിയാളുകൾ യഥാർഥത്തിൽ ചക്കാലൻ സമുദായക്കാർ തന്നെയാണൊ എന്ന് തീരുമാനിക്കുവാൻ സാധിക്കയുള്ളു. മേൽ വിവരശേഖരണം നടത്തിവരുന്നു . |
| (ഡി) | പ്രസ്തുത നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ഈ പ്രദേശങ്ങളിലെ ചക്കാല വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായ പരാതി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. റിപ്പോർട്ട് അടിയന്തിരമായി പൂർത്തിയാക്കാൻ കിർത്താഡ്സിന് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ